**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1177** **06-02-2023 - ൽ മറുപടിയ്ക്ക്**

**യുവജന കമ്മീഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി യുവജന കമ്മീഷൻ പ്രവർത്തിക്കുന്നുണ്ടോ; | (എ) | പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | കമ്മീഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | കമ്മീഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-<br><br>1. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്ക് പ്രാതിനിധ്യമുള്ള മേഖലകളിലും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.<br><br>2. സെമിനാറുകൾ, സിമ്പോസിയം, വർക്ക്ഷോപ്പ് സംഘടിപ്പിക്കുക.<br><br>3. ദേശീയ യുവജന ദിനത്തിന്റെ ഭാഗമായി ഇന്റർ യൂണിവേഴ്സിറ്റി പ്രസംഗ മത്സരവും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.<br><br>4. യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം നൽകുക.<br><br>5. യൂത്ത് ഫെസിലിറ്റേഷൻ പ്രോഗ്രാം<br><br>(i) ഗ്രീൻ യൂത്ത് പദ്ധതിയിലൂടെ തരിശുഭൂമി കണ്ടെത്തി കൃഷി നടത്തുന്നു.<br><br>(ii) യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വിർചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രോഗ്രാം |

| | | | |
|---|---|---|---|
| | | | 6. പരാതികൾ പരിഹരിക്കുന്നതിനായി അദാലത്ത്, ലോക്കൽ ലെവൽ സിറ്റിംഗ്സ്<br><br>7. യൂത്ത് ഐക്കൺ അവാർഡ് പദ്ധതി<br><br>8. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യ പരിപാലനം.<br><br>9. സ്ത്രീധനത്തിനെതിരെ ബോധവൽക്കരണ ക്യാമ്പയിൻ, നിയമ സഹായം, കൗ ൺസിലിംഗ്<br><br>10. യുവാക്കൾക്കുള്ള ബോധവത്ക്കരണ ജാഥകൾ |
| (സി) | പ്രസ്തുത പദ്ധതികളിൽ യുവജന പങ്കാളിത്തം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (സി) | പരസ്യ പ്രചരണങ്ങളിലൂടെയും കമ്മീഷൻ അംഗങ്ങൾ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർമാർ, ജില്ലാ കോ-ഓർഡിനേറ്റർമാർ എന്നിവരുടെ പ്രവർത്തനങ്ങളിലൂടെയും പ്രസ്തുത പദ്ധതികളിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുന്നു. |
| (ഡി) | കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളം പുതുക്കി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ; ഇതനുസരിച്ച് കുടിശികയായി നൽകേണ്ട തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | 2018-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. 23.01.2023-ലെ സ.ഉ(സാധാ)നം. 37/2023/ എസ്.വൈ.എ പ്രകാരം കമ്മീഷൻ ചെയർപേഴ്സന് 06/01/2017 മുതൽ 1,00,000/- രൂപ പ്രതിമാസ വേതനം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കുടിശ്ശികയായി 7,90,645/- രൂപയോളം നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ